പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1636 | 03.05.2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**പാറശ്ശാല താലൂക്ക് ആശുപത്രിവക ഭൂമി ശ്മശാന നിർമ്മാണത്തിന വിട്ടുനൽകുന്ന നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പാറശ്ശാല ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിലേക്കായി പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നം.107/28 എന്ന നമ്പരിലെ 50 സെന്റ് ഭൂമി പാറശ്ശാല ആശുപത്രിക്ക് നൽകാനും പകരം പാറശ്ശാല താലൂക്ക് ആശുപത്രിയുടെ 107/16 എന്ന സർവ്വേ നമ്പരിലെ 50 സെന്റ് ഭൂമി ശ്മശാനം നിർമ്മിക്കുന്നതിനും വിട്ടുനൽകുന്നതിനും വേണ്ട അനുമതിക്കായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്; | എ) & ബി) | പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2015 - 2016 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്റ്റ് നമ്പർ 186/2016 ശ്മശാന നിർമ്മാണം എന്ന പ്രവർത്തി നടപ്പിലാക്കുന്നതിന് കണ്ടെത്തിയ ബ്ലോക്ക് നം. 50 റീസർവ്വേ നം 107/28 എന്ന സ്ഥലം ജനവാസമേഖലയായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാറശ്ശാല താലൂക്ക് ആശുപത്രിയുടെ ബ്ലോക്ക് നം.5 റീസർവ്വേ 107/16 എന്ന സ്ഥലം അനുവദിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് നം. 50/ഇ 2/2016/ ആകുവ എന്ന ഫയൽ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശം ആരാഞ്ഞിരുന്നു. ടി സ്ഥലം ശ്മശാന നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർ, തിരുവനന്തപുരം, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം പാറശ്ശാല ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് 29/03/2017 ലെ ഡി.ബി3/70/17 / തസ്വഭവ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | ആയതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നുള്ള വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ